2025 ഏപ്രിൽ

കർസോനി

സാംസ്കാരിക വിനിമയത്തിന്റെ ഭാഷാവിചാരങ്ങൾ

അവലംബം: ഭാഷാപോഷിണി





റ്റോംസ് ജോസഫ്

പൗരസ്ത്യദേശത്തുനിന്നെത്തുന്ന മെത്രാന്മാരെ ആത്മീയകാര്യങ്ങളുടെ മേലധികാരികളായി ആദരിച്ചംഗീകരിക്കുവാൻ മാർത്തോമ്മാ ക്രിസ്ത്യാനികൾ തയാറായി. മതപരമായ ഈ വ്യവസ്ഥകൾ പോർച്ചുഗീസ് ആഗമനംവരെ തുടരുന്നുണ്ട്. ഈ ബന്ധത്തിന്റെ തുടർച്ചയിലാകണം കർസോനിമലയാളം അഥവാ സുറിയാനി മലയാളം ഉടലെടുത്തുറച്ചത്.

കർസോനിമലയാളം: സാംസ്കാരിക വിനിമയത്തിന്റെ ഭാഷാവിചാരങ്ങൾ


> **ആരാധനയടക്കമുള്ള മതവ്യവഹാരങ്ങൾക്കപ്പുറത്തേക്കു സുറിയാനിക്ക് കേരളീയാന്തരീക്ഷത്തിൽ ഇടപെടലുകൾ സാധ്യമായിട്ടില്ലെന്ന വിമർശനങ്ങൾ തുടരുന്ന കാലത്തു കർസോനിമലയാളം രേഖകളുടെ വിണ്ടെടുപ്പു പുതിയ തിരിച്ചറിവുകൾ പകരും.**

വട്ടെഴുത്ത്, കോലെഴുത്ത്, ഗ്രന്ഥലിപി, ആര്യ എഴുത്ത്, അറബിമലയാളം ലിപി എന്നിവയുടെ ഗണത്തിലുൾപ്പെടുത്തേണ്ട മലയാളത്തിന്റെ ഒരു ലിപിഭേദമാണ് കർസോനിമലയാളം അഥവാ സുറിയാനിമലയാളം. മധ്യപൂർവേഷ്യൻ രാജ്യങ്ങളുമായി കേരളമേർപ്പെട്ട വാണിജ്യ, മത സമ്പർക്കങ്ങളുടെ ഭാഷാരേഖയായും ഈ ലിപിയെ പരിഗണിക്കാം. ഈ എഴുത്തുരീതിയുടെ ഉപജ്ഞാതാവിന്റെ നാമമാണ് കർസോൻ എന്നഭിപ്രായങ്ങളുണ്ടെങ്കിലും അതിനു വ്യക്തമായ തെളിവുകളില്ല. കസോൻ, കർഷോൻ, കോർസോൻ, ഗർശൂനി, കർഷൂനി, ഗർഷോൻ, ഗേർത്ഷുനി, ഗെരിസോനി തുടങ്ങി ഒട്ടനേകം പേരുകളിൽ ഈ ലിപി അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്.

'അന്യഭാഷകൾ ലിപ്യങ്കനം ചെയ്യുന്നതിനുപയോഗിക്കുന്ന സുറിയാനി ലിപിമാലയാണ് കർസോൻ. അറബി, തുർക്കി, അർമേനിയ ഭാഷകൾ സുറിയാനി ലിപിയിൽ എഴുതാറുണ്ട്. ഓരോ ഭാഷയിലെയും സവിശേഷ ശബ്ദങ്ങൾ അങ്കനം ചെയ്യുന്നതിനു ചില ലിപികൾ കൂടുതലായി ഉണ്ടാക്കുന്നു' (സക്കറിയ, 1998: 245). കേരളത്തിൽ, സുറിയാനിയെ ആരാധനാഭാഷയായി സ്വീകരിച്ചുപയോഗിച്ചിരുന്ന ക്രൈസ്തവസമൂഹത്തിലാണ് ഈ ലിപിസമ്പ്രദായം ഉടലെടുത്തതും പ്രചരിച്ചതും. പോർച്ചുഗീസ് ആഗമനാനന്തരമുണ്ടായ പാശ്ചാത്യ-മിഷനറി-ഇടപെടലുകൾ സുറിയാനിയുടെ ഇന്നാട്ടിലെ പ്രചാരത്തിനും പ്രൗഢിക്കും മങ്ങലേൽപിച്ചു; മുൻകാല രേഖകൾ പലതും നശിപ്പിക്കപ്പെട്ടു. പിൽക്കാലത്തു ജന്മമെടുത്തതോ പകർപ്പുകളിലൂടെ നിലനിൽക്കുന്നതോ ആയ ലഭ്യമായ രേഖകളുടെ സാമാന്യപഠനങ്ങൾ തന്നെ സാംസ്കാരിക, വിജ്ഞാന വിനിമയങ്ങളുടെ വലിയ ലോകങ്ങളിലേക്കുള്ള സൂചകങ്ങളാകുന്നു.

സുറിയാനിയും മലയാളവും

പശ്ചിമേഷ്യൻ ഭാഷാകുടുംബത്തിൽ സെമിറ്റിക് വിഭാഗത്തിലെ വടക്കുപടിഞ്ഞാറൻ ശാഖയിലെ പ്രബലഭാഷയായ അറമായയാണ് സുറിയാനിയുടെ പ്രാഗ്രൂപം. അസ്സീറിയൻ പ്രവാസാനന്തരം ഹീബ്രുവിനെ പിന്തള്ളിയഹൂദരു



ടെ വ്യവഹാരഭാഷയായ അറമായ ക്രിസ്തുവിന്റെ കാലത്തെ പ്രധാന സംസാരഭാഷയുമായിരുന്നു. വാണിജ്യഭാഷയെന്നനിലയിൽ അറമായ വലിയ പദവിയും പ്രചാരവും ക്രിസ്ത്വബ്ദത്തിനു മുൻപുതന്നെ ആർജിച്ചിരുന്നു. മധ്യപൂർവേഷ്യൻ രാജ്യങ്ങളുമായി വിപുലമായ വാണിജ്യവിനിമയങ്ങളുണ്ടായിരുന്ന ദക്ഷിണേന്ത്യയിലും അക്കാലത്തുതന്നെ അറമായയ്ക്കു പ്രചാരമുണ്ടായിരുന്നു. പ്രാചീന തമിഴകത്തടക്കം തിരിച്ചറിയപ്പെട്ടിട്ടുള്ള അറമായ സംസാരഭാഷയായ യഹൂദരുടെ സാന്നിധ്യം ഇതിനു തെളിവാകുന്നു. അറമായഭാഷ ക്രിസ്തുമതത്തിനു മുൻപേ ഇന്ത്യയിലെത്തിയെന്നു മാത്രമല്ല ഭാഷാപരമായ സ്വാധീനം പ്രകടമാക്കുകയും ചെയ്തിട്ടുണ്ട് (കുന്നമ്മാക്കൽ, 2018: 84-85).

ഇന്ത്യയുടെ മറ്റു പ്രദേശങ്ങളിൽനിന്നു ഭിന്നമായി ഹിന്ദു, ബുദ്ധ, ജൈന മതങ്ങൾക്കു പുറമെ സെമിറ്റിക് മതങ്ങളായ യഹൂദ, ക്രൈസ്തവ, ഇസ്ലാം വിശ്വാസധാരകളും കേരളമണ്ണിൽ വളരെ പണ്ടേ വേരോടിയിരുന്നു. പ്രാചീന കച്ചവടബന്ധങ്ങൾവഴി ക്രിസ്ത്വബ്ദത്തിനു മുൻപുതന്നെ യഹൂദസാന്നിധ്യം കേരളത്തിൽ ഉറച്ചിരുന്നതിനാൽ യഹൂദമതവും തുടർന്നു ക്രൈസ്തവ വിശ്വാസവും ഈ മണ്ണിലെത്തി. കേരളത്തിലെ ക്രൈസ്തവസമൂഹം ക്രിസ്ത്വബ്ദം ഒന്നാംനൂറ്റാണ്ടുമുതലുള്ള പാരമ്പര്യവും ക്രിസ്തുശിഷ്യനായ മാർത്തോമ്മായുടെ ശ്ലൈഹികപിന്തുടർച്ചയും അവകാശപ്പെടുന്നു. ക്രിസ്തു ഉപയോഗിച്ച ഭാഷയെന്നനിലയിൽ പവിത്രത്വം കൽപിച്ച് സുറിയാനിയെ ആരാധനഭാഷയായി ഉപയോഗിക്കുന്ന രീതി കിഴക്കൻസഭകളിലെല്ലാംതുടർന്നിരുന്നു. കേരളത്തിലെ ആദ്യകാല ക്രൈസ്തവസമൂഹം ഉടലെടുത്തത് മേൽ സൂചിപ്പിച്ച യഹൂദക്കൂട്ടായ്മയിൽ ആയിരിക്കാമെങ്കിലും (അവർ ആരാധനക്രമഭാഷയായി അറമായ/ക്ലാസിക്കൽ സുറിയാനി ഉപയോഗിച്ചിരുന്നിരിക്കാം) വളർച്ച തദ്ദേശീയരിലേക്കു മതദർശനങ്ങൾ സംക്രമിക്കുമ്പോൾ മാത്രമാണുണ്ടാവുക.

കേരളത്തിലെ ആദിമ ക്രിസ്ത്യാനികളുടെ ആരാധനഭാഷയെക്കുറിച്ചു ഡോ. പി.ജെ. തോമസിന്റെ നിരീക്ഷണം ഇപ്രകാരമാണ്: 'അവർ സുറിയാനി ഭാഷയിലുള്ള ആരാധനക്രമം സ്വീകരിച്ചത് ക്രിസ്ത്വബ്ദം നാലാം ശതവർഷത്തിലായിരിക്കണം. അതിനുമുൻപ് കേരളത്തിലെ അന്നത്തെ ഭാഷയിലായിരുന്നിരിക്കണം അവരുടെ ആരാധനക്രമം' (തോമസ്, 1989: 27). എഡി നാലാം നൂറ്റാണ്ടോടുകൂടി പൗരസ്ത്യദേശത്തെ മറ്റു സഭകളുമായി സുദൃഢബന്ധം സ്ഥാപിക്കപ്പെട്ടതോടെ സുറിയാനി ഇവിടെ ആരാധനഭാഷയായി ഉറപ്പിക്കപ്പെട്ടു. ദൈവിക വെളിപാടിന്റെ മാധ്യമത്തോടുള്ള ബഹുമാനത്തിലൂന്നിയാണ് സുറിയാനി ഇവിടെ ആരാധനയുടെ ഭാഗമായത്. 'കേരളീയർക്കു സുറിയാനിയിലൂടെയാണു ക്രിസ്തുമതവിശ്വാസം ലഭിച്ചത് എന്നതിനാൽ അവർ ആ ഭാഷയെയും വിശ്വാസത്തിന്റെ ഭാഗമായിത്തന്നെ കണക്കാക്കി'യെന്ന് വി.പി. മാർക്കോസും 'പദങ്ങളുടെ പൂർണമായ അർഥം ഗ്രഹിച്ചിട്ടായിരുന്നില്ല സുറിയാനി ഭാഷയെ മാർത്തോമ്മാക്രിസ്ത്യാനികൾ ആരാധനഭാഷയായി സ്വീകരിച്ചിരുന്നത്. ക്രിസ്തുവിന്റെ സംസാരഭാഷ എന്നതുകൊണ്ടുള്ള വിധേയത്വവും വിശ്വസ്തതയുമാണ് സുറിയാനിയോടുണ്ടായിരുന്നത്' എന്നു ഷിമി പോൾ ബേബിയും നിരീക്ഷിക്കുന്നു.

പൗരസ്ത്യദേശത്തുനിന്നെത്തുന്ന മെത്രാന്മാരെ ആത്മീയകാര്യങ്ങളുടെ മേലധികാരികളായി ആദരിച്ചംഗീകരിക്കുവാൻ മാർത്തോമ്മാ ക്രിസ്ത്യാനികൾ തയാറായി. മതപരമായ ഈ വ്യവസ്ഥകൾ പോർച്ചുഗീസ് ആഗമനംവരെ തുടരുന്നുണ്ട്. ഈ ബന്ധത്തിന്റെ തുടർച്ചയിലാകണം കർസോനിമലയാളം അഥവാ സുറിയാനി മലയാളം ഉടലെടുത്തുറച്ചത്. ആത്മീയാധികാരിയായ മെത്രാൻ സമ്പർക്കങ്ങളിലൂടെ മലയാളം വശമാക്കാനിടയുണ്ട് (കേൾവിയിലും സംസാരത്തിലും). മലയാളഭാഷയ്ക്കു നിയതമായൊരു ലിപിരൂപം ക്രമപ്പെട്ടുറച്ചിട്ടില്ലാത്ത കാലത്ത് മലയാളമെഴുത്ത് അവർ ആർജിക്കുക അത്ര എളുപ്പവുമായിരുന്നില്ലല്ലോ. ആ ഘട്ടത്തിലാവണം ലിപിപരമായി വ്യവസ്ഥപ്പെട്ട സുറിയാനിയെ മലയാളമെഴുത്തിനും ഉപജീവിച്ചിട്ടുണ്ടാവുക.

കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്തയായിരുന്ന റിബെയ്റോ യോഹന്നാൻ

യിധ്യെന്റെ എണ്ണയുടെ യൊഗം കാച്ചി തെപ്പാൻ എഴുതി തന്നത' എന്ന തല ക്കെട്ടോടെ ഒരു ചികിത്സാവിധി കർ സോനിമലയാളത്തിൽ രേഖപ്പെടുത്തി ക്കാണുന്നു. രക്തം തെളിയുന്നതിനുള്ള ഇടയത്ത വൈദ്യന്റെ കുഴമ്പിന്റെ യോ ഗം, വാതത്തിനും നീരിനും ചെറ്റിക്കുമു ള്ള മടുക്കക്കുഴിൽ വൈദ്യന്റെ എണ്ണ, വായുവിനും ഏങ്ങലിനുമുള്ള മരുന്ന്, ശ്വാസങ്ങൾക്കും ഏങ്ങൽകൾക്കുമുള്ള ചികിത്സ തുടങ്ങിയവ മലയാളലിപി യിൽ ചേർത്തിരിക്കുന്നതിനൊപ്പമാണ് ഈ രേഖ കാണപ്പെടുന്നതെന്നതും ശ്ര ദ്ധേയം.

'പരസുമാൻ എന്ന പൊസ്തകത്തിൽ തിന്മ ആയ ഒള്ള വചനങ്ങളെക്കൊണ്ട് ചൈത്താൻ ക്ലെശത്തിന്ന പ്രവൃത്തിപ്പാ നും അത കണ്ട ക്ലെശത്തിന്ന കടുതാശ എഴുതുകയും ഒണ്ട' എന്ന പരാമർശം ഉദയംപേരൂർ സൂനഹദോസ് കാനോന കളിലുണ്ട്. പറസുമാൻ, പറപുമ്മാൻ, പ റസമാൻ, പ്ചുന്മാൻ, പറസുവാൻ, പ്ര പുമാൻ എന്നിങ്ങനെ പല രീതികളിലാ ണ് കാനോനകളുടെതന്നെ വ്യത്യസ്ത രേഖകളിൽ ഈ ഗ്രന്ഥത്തെ അടയാ ളപ്പെടുത്തിയിരിക്കുന്നത്. പറസുമാൻ (PARISMAN) എന്നതിനെ പ്രശ്നം (PRA-SANAM) എന്നതുമായി ബന്ധിപ്പിച്ച് ആ ഭിചാര കർമവിധികളുടെ വിവരണമാണ് ഈ കൃതിയുടെ ഉള്ളടക്കമെന്നു തീർച്ച പ്പെടുത്തുന്നു സ്കറിയാ സക്കറിയ (സ ക്കറിയ, 1998: 186). കാനോനകളിൽത്ത ന്നെ ഈ ഗ്രന്ഥത്തെക്കുറിച്ചുള്ള 'ശത്രു ക്കൾക്കു സംകടം വരുത്തുവാനും പെ ണ്ണുങ്ങളെ എണക്കുവാനും രഹസ്യമാ യി ചൈത്താൻമാരുടെ ചെല പെരുകെ ളും പുണ്യവാളന്മാരുടെ പെരുകളൊടു കൂടെ കൂട്ടി ചമച്ച ചെല നമസ്കാരങ്ങ ളും എരപ്പുകളും' എന്ന പരാമർശവും ഇ തിനു ബലമേകുന്നു. കാനോനകളുടെ ചില ഇംഗ്ലിഷ് തർജമകളിൽ Persian Medicine എന്നും അടയാളപ്പെടുത്തിയിരി ക്കുന്ന ഈ പുസ്തകം കേരള ക്രൈസ്ത വർക്കിടയിൽ ഏറെ പ്രചരിച്ചിരുന്നു.

രോഗങ്ങളെ 'ചൈത്താൻ ക്ലേശ'ങ്ങ ളായി കരുതിയ മധ്യകാലസമൂഹങ്ങളിൽ ചികിത്സയും മന്ത്രവാദവും ഇടകലർന്നി രുന്നു. മതവും ഭാഷയും കൈമാറ്റത്തി നു വിധേയമായിടത്തു ചികിത്സാക്രമ ങ്ങളടക്കമുള്ള മറ്ററിവുകളും തീർച്ചയാ യും പങ്കുവയ്ക്കപ്പെട്ടിരിക്കും. മധ്യപൂർ വേഷ്യൻ രാജ്യങ്ങളിൽനിന്നു മതജ്ഞാ നം മാത്രമല്ല മറ്ററിവുകളും മലയാളക്ക ര സ്വന്തമാക്കുകയും തങ്ങളുടെ അറി വുകൾ കൈമാറുകയും ചെയ്തിരുന്നു വെന്നു വ്യക്തമാകുമ്പോൾ ഇത്തരമറി വുകൾ നിറയുന്ന ഖനികളായ കർസോ നിമലയാളം രേഖകളുടെ പഠനപ്രസ ക്തിയേറുന്നു.

പറസുമാൻ പുസ്തകത്തിന്റെ പൂർ



ഫാ. മത്തിയാസ് മുണ്ടാടൻ

ണരൂപം ഇതുവരെയും കണ്ടുകിട്ടിയിട്ടി ല്ല. ഉദയംപേരൂർ സൂനഹദോസ് നിരോ ധിക്കേണ്ടവയുടെ പട്ടികയിലുൾപ്പെടു ത്തിയ പാൽപുസ്തകമെന്ന ഭാവിപ്രവ ചനസംബന്ധിയായ ഗ്രന്ഥത്തിന്റെ പാ മ്പാക്കുട കോനാട്ട് ലൈബ്രറിയിൽനി ന്നു ലഭ്യമായ ഒരു കയ്യെഴുത്തുപ്രതിയോ ടൊപ്പം (MS Konat 159) പറസുമാൻ ഗ്ര ന്ഥത്തിന്റെ ഏതാനും ഭാഗങ്ങൾ ചേർ ത്തു കാണുന്നുവെന്നു നിരീക്ഷിക്കപ്പെ ട്ടിട്ടുണ്ട് (Pattery, 2022: 32-35). സുറിയാ നിയിലുള്ള ഈ ഗ്രന്ഥഭാഗം പേരുകൾ മുൻനിർത്തി രോഗകാരണം നിർണയി ക്കുന്നതിനുള്ള വഴികളുപദേശിക്കുന്ന തിനൊപ്പം അവയെ ആധാരമാക്കി നട പ്പിലാക്കേണ്ട പ്രതിവിധികളും നിർദേ ശിക്കുന്നു. സമാന രീതികൾ പല പ്രാ ചീന അറബി, പേർഷ്യൻ ചികിത്സാപ ദ്ധതികളുടെയും ഭാഗമായി നിലനിന്നി രുന്നുവെന്നതും ശ്രദ്ധേയം. പറസുമാ ന്റെ ഈ ഭാഗത്തിനൊപ്പം ചേർത്തുകാ ണുന്ന കർസോനിമലയാളത്തിലുള്ള ഒരു കുറിപ്പ് സവിശേഷ ശ്രദ്ധയാകർഷി ക്കുന്നു. ഈ കുറിപ്പു മുൻനിർത്തിയാ ണ് ഇതോടൊപ്പമുള്ളതു പറസുമാൻ ഗ്ര ന്ഥത്തിന്റെ ഭാഗമെന്ന തീർപ്പിലേക്കെ ത്തിയിരിക്കുന്നതെന്നതിനാൽ പ്രത്യേ കിച്ചും.

'പ്രാസമത്തിലു കിറുമ്മിചത്തറു പൊ ടിച്ച എണ്ണയിൽ കൊടുക്കാ. വീണ്ടും പ ഴേ ചക്കതുടുപ്പ അരച്ച എണ്ണയിൽ കൊ ടുക്ക: ചത്താപിള്ള പിറപ്പാൻ: നാഞ്ഞൂ ലരച്ചുള്ളംകയ്യിൽ പരുട്ടി യോനീൽ കാ ട്ടുകാ: പ്രത്തിലാ (പ്രാത്തിലാ) അരച്ചു കീഴുവയറ്റത്തു പൂശുക: പെറക്കും' എ ന്നതാണ് ഈ കുറിപ്പ്. ഇവിടെ ചുവന്ന നിറത്തിൽ ശീർഷകംപോലെ ചേർത്തി രിക്കുന്ന 'പ്രാസമത്തിലു' (പ്രസവത്തിൽ എന്നതാവാം ഉദ്ദേശിച്ചിരിക്കുക) എന്ന തിനെ 'പറസുമാൻ' എന്നു തെറ്റിദ്ധരി ച്ചാണ് പൂർവപഠിതാക്കൾ മേൽ സൂചി പ്പിച്ച നിഗമനത്തിലെത്തിയിരിക്കുന്നത്. പ്രാസമത്തിലു എന്നതിനെ പറസുമാൻ എന്നു തെറ്റിദ്ധരിക്കുക മാത്രമല്ല, അവ സാനത്തെ ലാമദ് എന്ന അക്ഷരത്തെ തെറ്റായി വ്യാഖ്യാനിച്ച് മുകളിലെ കുറി പ്പിനു For (using) the Parasaman എന്ന അർഥം കൽപിക്കുകയും ചെയ്തു. കർ സോനിമലയാളത്തിലുള്ള ഈ യോഗം പ റസുമാൻ ഗ്രന്ഥത്തിന്റേതല്ലെങ്കിൽക്കൂ ടിയും തദ്ദേശീയമായ ചികിത്സാരീതിക ളുൾക്കൊള്ളുന്നു എന്നതിനാൽത്തന്നെ പ്രസക്തമാണ്. ഗർഭചികിത്സയോടു സുപ്രധാനമായ അറിവുകൾ കർസോ നിരേഖകളിൽ കണ്ടെടുക്കപ്പെടുന്നത് മതപരതയ്ക്കപ്പുറമുള്ള വലിയ സാം സ്കാരികവിനിമയത്തിന്റെ തെളിവുമാ യി ഭവിക്കുന്നു.

'പറസുമാൻ എന്ന പൊസ്തകത്തിൽ തിന്മ ആയ ഒള്ള വചനങ്ങളെക്കൊണ്ട ചൈത്താൻ ക്ലെശത്തിന്ന പ്രവൃത്തിപ്പാ നും അത കണ്ട ക്ലെശത്തിന്ന കടുതാശ എഴുതുകയും ഒണ്ട എന്ന ശുദ്ധമാന സൂ നഹദൊസ അറിഞ്ഞിട്ട പ്രമാണിക്കു ന്നു; ശുദ്ധമാന ഏവൻഗാലിലെ അരുള പ്പാടുകൾക്കൊണ്ടു പുണ്യവാളര ആയ മല്പാന്മാര ചമച്ച നമസ്കാരങ്ങൾകൊ ണ്ടും ലത്തിനിന്ന സുറിയാനിയിൽ പെർ ത്ത റൊമ്മാപള്ളി കൽപിച്ച നമസ്കാര ങ്ങൾകൊണ്ടും ചൈത്താൻ ക്ലെശത്തി ന്നും മറ്റും പല ക്ലെശത്തിന്നും പ്രവൃത്തി ക്കാവു എന്ന' (സക്കറിയ, 1998: 186).

പട്ടമെന്ന കുദാശമേലുള്ള പൊരുളു കൾ ചർച്ചചെയ്യുന്ന അഞ്ചാം മൗതാ അഞ്ചാം യോഗവിചാരത്തിലാണ് പട്ട ക്കാർക്കു പറസുമാൻ ഗ്രന്ഥത്തെ സം ബന്ധിച്ചു മേലുദ്ധരിച്ച നിർദേശമേകു ന്നത്. മലയാളമടക്കം ലഭ്യമായ മറ്റെല്ലാ പിൽക്കാല ഭാഷാപകർപ്പുകളിൽനിന്നു ഭിന്നമായി കാനോനകളുടെ കർസോ നി മലയാളം രേഖയിൽ 'ലത്തിനിന്ന സു റിയാനിയിൽ പെർത്ത റൊമ്മാപള്ളി കൽപിച്ച നമസ്കാരങ്ങൾ കൊണ്ടും' എന്ന വരി കാണാനില്ലാത്തതിന്റെ പൊ രുൾ സൂനഹദോസിന്റെ രാഷ്ട്രീയമറി യുന്നവർക്കു തിരിയും.

തുടർച്ചയുണ്ടാകേണ്ട ഉദ്യമങ്ങൾ

കേരളത്തിന്റെ സാംസ്കാരിക ചരിത്ര ത്തിൽ സുപ്രധാനവും മലയാളത്തിന്റെ വൈജ്ഞാനിക വിനിമയങ്ങളിൽ ശ്രദ്ധേ യവുമാകുന്ന പഠനങ്ങൾക്കുള്ള വലിയ സാധ്യത തുറന്നിടുന്നുണ്ട് കർസോനി മലയാളം രേഖകളുടെ അപഗ്രഥനം. ആ

marggam


Digital Library of Christianity in India

www.marggam.com

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.



CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org